"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ്-സംസ്ഥാന ജലഗതാഗത വകുപ്പ് വക ബോട്ടുകളുടെ റിപ്പയർ ആവശ്യങ്ങൾക്കായി മറൈൻ ഡീസൽ എൻജിൻ വിത്ത് ഗിയർ ബോക്സ് (5 എണ്ണം) വാങ്ങുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.6/2024/TRANS   തീയതി,തിരുവനന്തപുരം, 05-01-2024

---

പരാമർശം:-

1. 24/06/2023-ലെ സ.ഉ(സാധാ)നം.253/2023/ട്രാൻസ് നമ്പർ സർക്കാർ ഉത്തരവ്
2. 04/10/2023-ലെ സ.ഉ(സാധാ)നം, 428/2023/ട്രാൻസ് നമ്പർ സർക്കാർ ഉത്തരവ്
3. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 07/10/2023-ലെ SWTDHO/713/2023-C1 നമ്പർ കത്ത്
4. 08/12/2023-ലെ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ്

**<u>ഉത്തരവ്</u>**

സംസ്ഥാന ജലഗതാഗത വകുപ്പ് വക ബോട്ടുകളുടെ റിപ്പയറിംഗിനായി 5 മറൈൻ ഡീസൽ എൻജിൻ വിത്ത് ഗിയർ ബോക്സ് വാങ്ങുന്നതിന് 53,00,000/- രൂപയുടെ ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെൻഡർ ക്ഷണിച്ചതിൽ രണ്ട് സ്ഥാപനങ്ങൾ പങ്കെടുക്കുകയും ഇതിൽ മെ.ടെക്നോ ട്രെഡിംഗ്സ് & സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം കുറഞ്ഞ തുകയായ 54,50,000/- രൂപ (GST ഉൾപ്പെടെ) ക്വാട്ട് ചെയ്തതായും ഭരണാനുമതി തുക അധികരിച്ചതിനാൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണം എന്ന വ്യവസ്ഥയോടെ മെ.ടെക്നോ ട്രെഡിംഗ്സ് & സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതായും ടി സാഹചര്യത്തിൽ ബോട്ടുകളുടെ റിപ്പയറിംഗിനായി 5 മറൈൻ ഡീസൽ എൻജിൻ വിത്ത് ഗിയർ ബോക്സ് വാങ്ങുന്നതിന് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) 08/12/2023-ൽ കൂടിയ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത പ്രപ്പോസൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3) 08/12/2023-ൽ കൂടിയ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തിക വർഷം "5056-00-104-99-Purchase of New construction of Old Boats (Plan)" എന്ന ശീർഷകത്തിൽ നിന്നും 54,50,000/- രൂപ (അൻപത്തി നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ചെലവഴിച്ച് സംസ്ഥാന ജലഗതാഗത വകുപ്പ് വക

ബോട്ടുകളുടെ റിപ്പയറിംഗിനായി മറൈൻ ഡീസൽ എൻജിൻ വിത്ത് ഗിയർ ബോക്സ് 5 (അഞ്ച്) എണ്ണം വാങ്ങുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു. മേൽ പദ്ധതിയുടെ പ്രോജക്ട് മാനേജർ സംസ്ഥാന ജലഗതാഗത വകുപ്പ് മെക്കാനിക്കൽ എൻജിനീയറും പദ്ധതി പൂർത്തീകരണ കാലാവധി ഈ ഉത്തരവ് തീയതി മുതൽ 18 (പതിനെട്ട്) മാസവുമാണ്. പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നുവെന്ന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ചീഫ് ഓഫ് ഇൻഡസ്ട്രി & ഇൻഫ്രാസ്ട്രക്ച്ചർ ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം , തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
വെബ് & ന്യൂമീഡിയ, ഐ& പി.ആർ.ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Rekha S
Date: 05-01-2024 13:18:12
സെക്ഷൻ ഓഫീസർ